**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5956** **09-07-2024 - ൽ മറുപടിയ്ക്ക്**

**വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ട് ബക്കാഡിയ കമ്പനി, നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ചോ അല്ലാതെയോ നികുതി വകുപ്പിൽ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ നികുതി വകുപ്പ് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ടും വീര്യം കുറഞ്ഞ മദ്യം വിൽപന നടത്തുന്നതിന് നികുതി നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും ബക്കാഡിയ കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നു.<br><br>2022-23 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 0.5% V/V മുതൽ 20% V/V വരെ വീര്യമുള്ള മദ്യം വിപണനം സാധ്യമാക്കുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കുക എന്നത് സംസ്ഥാനത്തിന്റെ മദ്യനയത്തിൽ ഉൾപ്പെട്ട വിഷയമായതിനാൽ ആ വിഭാഗത്തിൽപ്പെടുന്ന മദ്യത്തിന്റെ നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് കമ്മീഷണർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ടും വീര്യം കുറഞ്ഞ മദ്യം വിൽപന നടത്തുന്നതിന് നികുതി നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും ബക്കാഡിയ കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നു.<br><br>2022-23 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 0.5% V/V മുതൽ 20% V/V വരെ വീര്യമുള്ള മദ്യം വിപണനം സാധ്യമാക്കുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കുക എന്നത് സംസ്ഥാനത്തിന്റെ മദ്യനയത്തിൽ ഉൾപ്പെട്ട വിഷയമായതിനാൽ ആ വിഭാഗത്തിൽപ്പെടുന്ന |

| | | | |
|---|---|---|---|
| | | | മദ്യത്തിന്റെ നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ